**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1359** **14-03-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും പെൻഷൻ ആനുകൂല്യങ്ങൾ നൽകാത്തത് സംബന്ധിച്ച് എത്ര ഫയലുകളാണ് പൊതു വിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | പൊതു വിദ്യാഭ്യാസ വകുപ്പിൽ പെൻഷണർ കൃത്യസമയത്ത് പെൻഷൻ പ്രോപ്പോസൽ ലഭ്യമാക്കുന്ന സാഹചര്യത്തിൽ പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം വന്ന കേസുകൾ നിലവിലില്ല. വിജിലൻസ് കേസുകൾ, കോടതി കേസുകൾ എന്നിവകളിൽ ഉൾപ്പെട്ടിട്ടുള്ള പെൻഷണർക്ക് provisional pension അനുവദിച്ച്നൽകുന്നുണ്ട്. ജീവനക്കാരുടെ/അദ്ധ്യാപകരുടെ ബാധ്യത നിർണ്ണയിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം കാരണം പെൻഷൻ ആനുകൂല്യങ്ങളിൽ ഒന്നായ ഡി.സി.ആർ.ജി നൽകുന്നതിന് താമസം വരാറുണ്ട്. ഈ കാലതാമസം പരിഹരിക്കുന്നതിന് വിവിധ സർക്കാർ ഉത്തരവുകൾ അനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു. ഹയർ സെക്കന്ററി വകുപ്പിൽ 98 ഫയലുകൾ തീർപ്പാക്കുവാൻ ഉണ്ട്. |
| (ബി) | കെട്ടിക്കിടക്കുന്ന ഫയലുകൾ എന്ന് തീർപ്പാക്കുമെന്നും അപേക്ഷകർക്ക് പെൻഷൻ തുക പലിശ അടക്കം നൽകാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | (ബി) | പൊതു വിദ്യാഭ്യാസ വകുപ്പിൽ പെൻഷണർ ഉൾപ്പെടുന്ന കോടതി കേസുകളിൽ വിധിന്യായം ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങളിൽ ഒന്നായ ഡി.സി.ആർ.ജി വിതരണം നടത്തുകയും ഫയലുകൾ തീർപ്പാക്കുകയും പലിശ നൽകേണ്ട സാഹചര്യം ഉണ്ടായാൽ ,ഫയലുകളിൽ കാലതാമസം വരുത്തിയ ജീവനക്കാരിൽ നിന്ന് പലിശ തുക ഈടാക്കി നൽകാനുള്ള നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. ഹയർ സെക്കന്ററി വകുപ്പിൽ സർവ്വീസിൽ നിന്നും നാളിതു വരെ വിരമിച്ച ജീവനക്കാർക്കും അദ്ധ്യാപകർക്കും ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച് ബാധ്യത/ ബാധ്യത രഹിത പത്രം നൽകി അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ മുഴുവനായും ലഭ്യമാക്കി വരുന്നുണ്ട്. ഓഡിറ്റ് നടത്തുവാൻ സാങ്കേതികമായി ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദിഷ്ട മാതൃകയിൽ വിരമിച്ച അധ്യാപകർ/ ജീവനക്കാരിൽ നിന്നും ബോണ്ട് സ്വീകരിച്ച്, |

| | | | |
|---|---|---|---|
| | | | ആയതിന്റെ അടിസ്ഥാനത്തിൽ ഡി.സി.ആർ.ജി അനുവദിക്കുന്നുണ്ട്.ആഭ്യന്തര പരിശോധനയിലെ തടസ്സ വാദങ്ങൾ തീർപ്പാക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി ഫയലുകൾ തീർപ്പാക്കുന്നതാണ്. ഓഡിറ്റ് തടസ്സ വാദം തീർപ്പാക്കാത്തത് മൂലമാണ് പെൻഷനറി ബെനിഫിറ്റ് അനുവദിക്കുവാൻ കാലതാമസം വന്നിട്ടുള്ളത്. പെൻഷൻ ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥർ മന:പ്പൂർവ്വം വച്ചു താമസിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഫയലുകൾ കെട്ടിക്കിടക്കാൻ സാഹചര്യം ഒരുക്കിയ ജീവനക്കാരുടെ മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പൊതു വിദ്യാഭ്യാസ വകുപ്പിൽ പെൻഷണർ ഉൾപ്പെടുന്ന കോടതി കേസുകളിൽ വിധിന്യായം ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങളിൽ ഒന്നായ ഡി.സി.ആർ.ജി വിതരണം നടത്തുകയും ഫയലുകൾ തീർപ്പാക്കുകയും പലിശ നൽകേണ്ട സാഹചര്യം ഉണ്ടായാൽ ,ഫയലുകളിൽ കാലതാമസം വരുത്തിയ ജീവനക്കാരിൽ നിന്ന് പലിശ തുക ഈടാക്കി നൽകാനുള്ള നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. ഹയർ സെക്കന്ററി വകുപ്പിൽ സർവ്വീസിൽ നിന്നും നാളിതു വരെ വിരമിച്ച ജീവനക്കാർക്കും അദ്ധ്യാപകർക്കും ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച് ബാധ്യത/ ബാധ്യത രഹിത പത്രം നൽകി അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ മുഴുവനായും ലഭ്യമാക്കി വരുന്നുണ്ട്. ഓഡിറ്റ് നടത്തുവാൻ സാങ്കേതികമായി ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദിഷ്ട മാതൃകയിൽ വിരമിച്ച അധ്യാപകർ/ ജീവനക്കാരിൽ നിന്നും ബോണ്ട് സ്വീകരിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ ഡി.സി.ആർ.ജി അനുവദിക്കുന്നുണ്ട്.ആഭ്യന്തര പരിശോധനയിലെ തടസ്സ വാദങ്ങൾ തീർപ്പാക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി ഫയലുകൾ തീർപ്പാക്കുന്നതാണ്. ഓഡിറ്റ് തടസ്സ വാദം തീർപ്പാക്കാത്തത് മൂലമാണ് പെൻഷനറി ബെനിഫിറ്റ് അനുവദിക്കുവാൻ കാലതാമസം വന്നിട്ടുള്ളത്. പെൻഷൻ ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥർ മന:പ്പൂർവ്വം വച്ചു താമസിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ